**കോതമംഗലം നഗരസഭയുടെ 2018-19 സാമ്പത്തീക വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് എസ്റ്റിമേറ്റ് അവതരിപ്പിച്ചുകൊണ്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ നടത്തുന്ന പ്രസംഗം.**

ബഹുമാന്യയായ ചെയർപേഴ്സൺ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്മാർ, കൗൺസിൽ അംഗങ്ങൾ, മുനിസിപ്പൽ സെക്രട്ടറി, വകുപ്പ്മേധാവികൾ, ഉദ്യോഗസ്ഥർ, മാദ്ധ്യമ സുഹൃത്തുക്കളെ,

01.04.2018-ൽ 40-ാം വർഷത്തിലേയ്ക്ക് കടക്കുന്ന ഈ പ്രാദേശീക സർക്കാരിന്റെ ബജറ്റ് എസ്റ്റിമേറ്റ് വസ്തുതാപരമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ നഗരസഭാ പരിധിയിലെ എല്ലാ സാധാരണക്കാരായ ജനങ്ങളുടെയും ക്ഷേമത്തെ മുൻനിർത്തി തയ്യാറാക്കിയിട്ടുള്ളതുമാണ്. 2018-19 സാമ്പത്തീക വർഷത്തിൽ ആദ്യ മാസം മുതൽ തന്നെ പദ്ധതി നിർവ്വഹണം ആരംഭിക്കുവാൻ കഴിയുമെന്നത് വലിയ ഒരു മാറ്റത്തിന് വഴി തെളിക്കുന്ന ഒന്നാണ്. അതിലൂടെ ഓരോ പദ്ധതി തുകയും പരമാവധി ഉപയോഗിക്കുവാൻ കഴിയുമെന്നതിൽ സംശയമില്ല. എന്നാൽ നടപ്പ് ധനകാര്യ വർഷം നഗരസഭകളുടെ ചരിത്രത്തിൽ തന്നെ റവന്യൂ വരുമാനത്തിൽ കാര്യമായ ഇടിവ് സംഭവിച്ച വർഷമാണ്. 1.7.2017 മുതൽ ചരക്ക് സേവന നികുതി പ്രാബല്യത്തിൽ വരുകയും നഗരസഭയുടെ പ്രധാന വരുമാന സ്രോതസ്സുകളായ വിനോദ നികുതി, പരസ്യ നികുതി എന്നിവ നഗരസഭകളിൽ നിന്നും നീക്കം ചെയ്തതിനാലും നഗരസഭകൾ കടുത്ത സാമ്പത്തീക പ്രതിസന്ധി നേരിട്ട് കൊണ്ടിരിക്കുകയാണ്.

എന്നിരുന്നാലും ഈ കടുത്ത സാമ്പത്തീക പ്രതിസന്ധികൾക്കിടയിലും ലഭ്യമായ എല്ലാ സ്രോതസ്സുകളും ഉപയോഗിച്ച് ജനക്ഷേമ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ടുള്ള 2018-19 സാമ്പത്തീക വർഷത്തേയ്ക്കുള്ള ബജറ്റ് വിശദാംശങ്ങൾ ചുവടെ ചേർക്കും പ്രകാരം ഞാൻ അവതരിപ്പിക്കുകയാണ്.

*2017-18 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റിൽ 5,60,47,466/-രൂപ മുന്നിരിപ്പും, 37,11,20,800/-രൂപ വരവും ഉൾപ്പെടെ 42,71,68,266/-രൂപ ആകെ വരവും, 38,31,29,450/-രൂപ ചെലവും, 4,40,38,816/-രൂപ നീക്കിയിരുപ്പും കണക്കാക്കുന്നു. 2018-19 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റ് എസ്റ്റിമേറ്റിൽ 4,40,38,816/-രൂപ മുന്നിരിപ്പും, 68,97,64,200/-രൂപ വരവും ഉൾപ്പെടെ 73,38,03,016/-രൂപ ആകെ വരവും, 71,89,06,095/-രൂപ ചെലവും 1,48,96,921/-രൂപ നീക്കിയിരുപ്പും പ്രതീക്ഷിക്കുന്നു*

ധനഉത്തരവാദിത്വ നിയമങ്ങൾ ഈ പ്രാദേശീക സർക്കാരിനെ വരിഞ്ഞു കെട്ടുന്ന വേളയിൽ നഗരസഭകളുടെ സമ്പദ്ഘടന മെച്ചപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാർ മുമ്പാകെ അഞ്ചാം ധനകാര്യ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് അംഗീകരിക്കപ്പെട്ടുവെന്നത് നഗരസഭകളുടെ തനത് സാമ്പത്തീക വരുമാന വർദ്ധനവിനുതകുന്ന ഒന്നാണ്. നഗരസഭകളുടെ വസ്തു നികുതിയിൽ പ്രതിവർഷം 5% വർദ്ധന, തൊഴിൽ നികുതി പരിഷ്ക്കരണം, തൊഴിൽ നികുതി വിഭാഗത്തിൽ ഉൾപ്പെടാത്ത വിഭാഗത്തെ കൂടി ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ, വിവാഹ സർട്ടിഫിക്കറ്റ് ഒഴികെയുള്ള മറ്റ് സർട്ടിഫിക്കറ്റുകളുടെ ഫീസ് വർദ്ധന, കെട്ടിട നിർമ്മാണ ഫീസ് 50% വർദ്ധനവ്, ലൈസൻസ് ഫീസ് വർദ്ധനവ്, കേന്ദ്രസർക്കാർ

സ്ഥാപനങ്ങളെ വസ്തു നികുതിയുടെ പരിധിയിൽപ്പെടുത്തുക, പരസ്യ നികുതി പിരിക്കുന്നതിനുള്ള പുതിയ ചട്ടം രൂപീകരിക്കുക, തുടങ്ങി സാദ്ധ്യമായ എല്ലാ സ്രോതസ്സുകളും കണ്ടെത്തി നഗരസഭകളുടെ സാമ്പത്തീക പരാധീനതകളെ മറികടക്കുവാൻ സഹായിക്കുന്ന പരിഷ്ക്കാരങ്ങൾ ഉൾപ്പെടുത്തിയുള്ള അഞ്ചാം ധനകാര്യ കമ്മീഷൻ റിപ്പോർട്ടിനാണ് അംഗീകാരം ലഭിച്ചിരിക്കുന്നത്.

വസ്തു നികുതി ഇനത്തിൽ 2.75 കോടി രൂപ വരവ് പ്രതീക്ഷിക്കുന്നു. തൊഴിൽ നികുതി ഇനത്തിൽ 99 ലക്ഷം രൂപ വരവ് പ്രതീക്ഷിക്കുന്നു. നഗരസഭകളുടെ വിനോദ നികുതി 01.07.2017 മുതൽ നിർത്തലാക്കുകയും ചരക്ക് സേവന നികുതി പ്രാബല്യത്തിൽ വരുകയും ചെയ്ത വേളയിൽ വിനോദ നികുതി, പരസ്യ നികുതി എന്നിവ ഒഴിവാക്കിയിട്ടുള്ളതാണ്. ജനറൽ പർപ്പസ് ഗ്രാന്റ് ഇനത്തിൽ നഗരസഭ 1.49 കോടി രൂപ വരവ് പ്രതീക്ഷിക്കുന്നു. ആയതുൾപ്പെടെ റവന്യൂ വരുമാനം ബജറ്റ് വർഷത്തിൽ ആകെ 16.19 കോടി പ്രതീക്ഷിക്കുന്നു.

തദ്ദേശ സ്വയം ഭരണ വകുപ്പിന് കീഴിലുള്ള ഗ്രാമ വികസനം, നഗരകാര്യം, പഞ്ചായത്ത്, എൻജിനീയറിംഗ് വിഭാഗം, നഗരാസൂത്രണം, പെർഫോർമൻസ് ഓഡിറ്റ് എന്നീ സർവ്വീസുകളെ ഏകോപിപിച്ച് 27.01.2018- ൽ ബഹു. സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ വിവിധ ക്ഷേമ പെൻഷൻ തുകകൾ നടപ്പു ധനകാര്യ വർഷം മുതൽ വീണ്ടും നഗരസഭയുടെ നോൺ പ്ലാൻ ഗ്രാന്റിനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളാണ്. 30-ാം വകുപ്പ് പ്രകാരം നഗരസഭയ്ക്ക് കൈമാറ്റം ചെയ്തു കിട്ടിയ സ്ഥാപനങ്ങളുടെ നോൺ പ്ലാൻ ഗ്രാന്റിനത്തിൽ ക്ഷേമപെൻഷനുകൾ ഉൾപ്പെടെ 7.7 കോടി രൂപ വരവും ആയത് തന്നെ ചെലവും കണക്കാക്കുന്നു. തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ 60 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതാണ്. നഗരസഭ പരിധിയിൽ പ്രവർത്തിച്ച് വരുന്ന എല്ലാ കുടിപ്പള്ളിക്കൂടം ആശാൻമാരുടേയും ആശാട്ടിമാരുടേയും പ്രതിമാസ ഗ്രാന്റ് നിലവിലുള്ള 500/- രൂപയിൽ നിന്നും 1000/- രൂപയായി ഉയര്‍ത്തിയിരിക്കും പ്രകാരം 1.5 ലക്ഷം രൂപ വകയിരുത്തുന്നു.

ആരോഗ്യനിർണയത്തിന്റെ മുഖ്യഘടകം ശുചിത്വവും ശുദ്ധജല ലഭ്യതയുമാണ്. നടപ്പ് സാമ്പത്തീക വർഷം ലോകബാങ്ക് ധനസഹായം ഉപയോഗിച്ച് 2.2 കോടി രൂപ ചെലവഴിച്ചു കൊണ്ട് 3 ബൃഹത് കുടിവെള്ള പദ്ധതികളായ വിളയാൽ, തങ്കളം, പുതുപ്പാടി കുടിവെള്ള പദ്ധതികൾ സജ്ജമാക്കിക്കഴിഞ്ഞു. നഗരസഭാ പരിധിയിൽപ്പെട്ട നിരവധിയാളുകൾക്ക് ടി കുടിവെള്ള പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കുകയും, നഗരസഭയുടെ കുടിവെള്ളക്ഷാമം നേരിടുന്ന മറ്റ് മേഖലകളിലും സമാനമായ പദ്ധതികൾ ആവിഷ്ക്കരിച്ച് ബജറ്റ് വർഷം നടപ്പിലാക്കുന്നതുമാണ്.

അധികാര വികേന്ദ്രീകരണം വ്യവസ്ഥാപിതമാക്കുന്നതിനുള്ള നടപടികൾ തുടരുകയാണ്. പ്ലാൻ ഗ്രാന്റുകൾ സംബന്ധിച്ചുള്ള ബില്ലുകൾ പൂർണ്ണമായും ഓൺലൈൻ ആയി ട്രഷറിയിലേയ്ക്ക് അയക്കുന്നതിനുള്ള സംവിധാനം നിലവിൽ വന്നു കഴിഞ്ഞു. ഡി &ഒ ലൈസൻസ്, തൊഴിൽ നികുതി വിവരങ്ങൾ കമ്പ്യൂട്ടറൈസേഷൻ, ഫയൽ ട്രാക്കിംഗ് സംവിധാനം എന്നിവയ്ക്കുള്ള ക്രമീകരണം നടന്നു വരികയാണ്.മുനിസിപ്പൽ ഓഫീസിൽ റിക്കോർഡ് റൂം പണി പൂർത്തീകരിച്ചു കഴിഞ്ഞു. നഗരസഭ കാര്യാലയത്തിൽ സോളാർ പാനൽ ഉപയോഗിച്ച് കൊണ്ട് വൈദ്യതി ഉപയോഗം ആരംഭിച്ചു. തങ്കളം ഹൈറേഞ്ച് ബസ്സ് സ്റ്റാന്റുകളുടെ പണികൾ പൂർത്തിയാക്കി ഓപ്പറേറ്റിംഗ് ബസ്സ് സ്റ്റാന്റുകളായി പ്രവർത്തനം ആരംഭിക്കുന്നതും, നിലവിൽ ഫോറസ്സ് അധീനതയിലുള്ള ഭൂമി വിട്ടു കിട്ടുന്ന മുറയ്ക്ക് പൊതുപരിപാടികൾക്കുള്ള ഓപ്പൺ സ്റ്റേജ് നിർമ്മിക്കുന്നതുമാണ്. നഗരസഭ പ്രധാന ബസ്സ് സ്റ്റാന്റിൽ ഷീ ടോയ്‌ലറ്റ് നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളതും, നഗരസഭ പ്രദേശത്ത് ഷീ ലോഡ്ജ് നിർമ്മാണം ആരംഭിക്കുന്നതും, 25 ലക്ഷം രൂപ ആദ്യഘട്ട നിർമ്മാണത്തിനായി വകയിരുത്തിയിട്ടുള്ളതുമാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയായ ശുചിത്വത്തിന് മുൻഗണന നൽകിക്കൊണ്ട് നഗരസഭ പ്രദേശം ശുചിത്വ സുന്ദര നഗരമാക്കുന്നതനായി ജൈവ അജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിക്കുന്നതിന് പദ്ധതി രൂപീകരണം, ഹരിത കർമ്മസേന രൂപീകരിച്ച് മാലിന്യ ശേഖരണ സംവിധാനം ഓരോ വാർഡിലും നടത്തുന്നതുൾപ്പെടെയുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുള്ളതാണ്.

അയ്യപ്പൻ മുടിയിൽ സോളാർ പാനൽ സ്ഥാപിക്കുന്നത് സംബന്ധിച്ച് പ്രാഥമീക സർവ്വേ, അനുബന്ധ നടപടികൾക്കായി 5 ലക്ഷം രൂപ പശ്ചാത്തല മേഖലയിൽപ്പെടുത്തിയിട്ടുളതും, അയ്യങ്കാവ്, മാതിരപ്പിള്ളി, എയ്ഡഡ് സ്ക്കൂളുകൾ എന്നീ സ്ക്കൂളുകളിൽ നടത്തപ്പെടുന്ന പ്രത്യേക സായാഹ്ന ക്ലാസ്സ് വിദ്യാർത്ഥികൾക്ക് സായാഹ്ന ഭക്ഷണം ഇനത്തിൽ 2 ലക്ഷം വകയിരുത്തിയിട്ടുള്ളതും, നഗരസഭാ ലൈബ്രറി ഡിജിറ്റൽ ലൈബ്രറിയാക്കുന്നതിന് പ്രാഥമീക പദ്ധതി ആവിഷ്ക്കരിക്കുന്നതുമാണ്. നഗരസഭ നിവാസികൾക്കായി വീട് അറ്റകുറ്റപ്പണി മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി ഒരു വാർഡിൽ 10 വീടിന് 25000/- രൂപ കണക്കാക്കി തുക അനുവദിക്കുന്നതിന് പദ്ധതി ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

നഗരസഭയുടെ നിലവിലുള്ള ഡമ്പിംഗ് യാർഡിനോട് ചേർന്ന് 6 ഏക്കർ ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഏകദേശം പൂർത്തിയാവുകയും നടപ്പു വർഷം 1.7 കോടി രൂപ  നീക്കി വയ്ക്കുകയും ചെയ്തു കൊണ്ട് ആസ്തിയിൽ ഗണ്യമായ വർദ്ധനവ് വരുത്തുന്നതുമാണ്.

നഗരസഭ ടൗൺഹാളിനായി ഏറ്റെടുത്ത സ്ഥലത്തിന്റെ നഷ്ടപരിഹാര തുക കൊടുത്തു തീർക്കുന്നതിന് പദ്ധതി നടപ്പ് വർഷം ആവിഷ്ക്കരിച്ചെങ്കിലും ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭ്യമാകാത്തതിനാൽ നടപ്പിലാക്കുവാൻ സാധിച്ചില്ല. എങ്കിലും നഗരസഭ വീണ്ടും ഊർജ്ജിതമായ പദ്ധതി തയ്യാറാക്കി ബജറ്റ് വർഷം പ്ലാൻ ജനറൽ ഫണ്ടിനത്തിൽ നിന്നും 1 കോടി രൂപ ആയതിനായി നീക്കി വച്ചിട്ടുള്ളതും, ആയതിന്റെ നഷ്ടപരിഹാരത്തുക കൊടുത്ത് തീർത്ത് പ്രാദേശീക തർക്കങ്ങൾ ഒഴിവാക്കി നഗരത്തിന്റെ ഹൃദയഭാഗത്തു തന്നെ ടൗൺഹാൾ നിർമ്മാണം ആരംഭിക്കുന്നതുമാണ്. നിർമ്മാണ പ്രാഥമീക പ്രവർത്തനങ്ങൾക്ക് 50 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

കോതമംഗലം നിവാസികളുടെ ചിരകാല സ്വപ്നമായ സ്റ്റേഡിയത്തിനായി 3 ഏക്കർ സ്ഥലം 9-ാം വാർഡിൽ കണ്ടെത്തിയിട്ടുള്ളതും ആയതിനായി 1.5 കോടി രൂപ വകയിരുത്തിയിട്ടുള്ളതുമാണ്.

2018–19 ബജറ്റ് വർഷത്തോടെ നഗരസഭയുടെ നിലവിലുള്ള കെ യു ആർ ഡി എഫ് സി വായ്പ കുടിശ്ശിക അവസാനിക്കുന്നതും, മുനിസിപ്പൽ ഓഫീസ് കെട്ടിടം ക്യാബിൻ തിരിക്കലും, മറ്റ് അത്യാവിശ്യ അറ്റകുറ്റപ്പണികളും, നഗരസഭാ ഷോപ്പിംഗ് കോംപ്ലക്സുകൾ, ലൈബ്രറി എന്നിവയുടെ അറ്റകുറ്റപ്പണികൾക്കുമായി  കെ യു ആർ ഡി എഫ് സി–യിൽ നിന്നും 50 ലക്ഷം രൂപ വായ്പ പ്രതീക്ഷിക്കുന്നു.

ഡിപ്പാർട്ട്മെന്റ് വർക്ക് മുഖേന അടിയന്തിര സ്വഭാവമുള്ള വാർഡ് വേലകൾക്കായി 9.3 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതാണ്. മുൻകാല വേലകളുടെ കുടിശ്ശിക തുക കൊടുത്തു തീർക്കുന്നതിന് 55 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതാണ്.

മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനായി 4 കോടി രൂപ, ഖരമാലിന്യ സംസ്ക്കരണ പ്ലാന്റ് ഇലക്ട്രിഫിക്കേഷൻ, അനുബന്ധ ജോലികൾ, പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിംഗ് യൂണിറ്റ് പ്രവർത്തന സജ്ജമാക്കൽ എന്നിവയ്ക്കായി 25 ലക്ഷം രൂപ, ആധുനീക ശ്മശാനം 50 ലക്ഷം എന്നിങ്ങനെ പ്രകാരം തുക വകയിരുത്തിയിട്ടുണ്ട്.

സ്ത്രീകളുടെ വിശ്രമത്തിനും താമസത്തിനുമായി നഗരത്തിൽ ഷീലോഡ്ജ് നിർമ്മിക്കുന്നതിനായി 25 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുള്ളതാണ്.

മിനിമം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തെ മുൻ നിർത്തി അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽ 60 ലക്ഷം രൂപ വകയിരുത്തുന്നു. കൂടാതെ അയ്യങ്കാളി പദ്ധതി തുക ഫലപ്രദമായി ആരോഗ്യമേഖലയിൽ ആരോഗ്യ ജാഗ്രത പദ്ധതിയിൽ ഉൾപ്പെടുത്തി ബജറ്റ് വർഷം പദ്ധതികൾ നടപ്പിലാക്കുന്നതുമാണ്. കൂടാതെ ജല സംരക്ഷണ പ്രവർത്തനങ്ങൾക്കും, ഹരിതകേരള മിഷൻ പദ്ധതി പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനും മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായി ടി തുക ചെലവഴിക്കുന്നതാണ്.

സ്വച്ഛ്ഭാരത് മിഷൻ പദ്ധതി പ്രകാരം പ്രധാന നഗര പ്രദേശങ്ങളിൽ 5 പൊതു ശൗചാലയങ്ങൾ നിർമ്മിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളതും, ബജറ്റ് വർഷം പൂർത്തിയാക്കുന്നതുമാണ്.

ദീനദയാൽ അന്ത്യോദയ - ദേശീയ നഗര ഉപജീവന ദൗത്യം പദ്ധതി (എൻ. യു. എൽ. എം) പദ്ധതി പ്രകാരം ലഭ്യമായ 25.27 ലക്ഷം രൂപ കുടുംബശ്രീയ്ക്ക് കൈമാറിയിട്ടുള്ളതും, തെരുവോരക്കച്ചവടക്കാരെ അധിവസിപ്പിക്കുന്നതിനും, അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനുമായി വീണ്ടും ബജറ്റ് വർഷത്തേയ്ക്ക് 30 ലക്ഷം വകയിരുത്തിയിട്ടുള്ളതാണ്.

2022-ാം ആണ്ടോടെ നമ്മുടെ രാഷ്ട്രത്തിന്റെ 75-ാം സ്വാതന്ത്ര്യ ദിനാഘോഷ വേളയിൽ എല്ലാവർക്കും ഭവനം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ.വൈ-നഗരം) പദ്ധതി പ്രകാരം നഗരസഭയിലെ ഏകദേശം 600 ഗുണഭോക്താക്കൾക്കായി പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുള്ളതും, കേന്ദ്ര സംസ്ഥാന വിഹിതമായി ലഭിച്ച 50 ലക്ഷവും പ്ലാൻ ഗ്രാന്റും ഉപയോഗിച്ച് നടപ്പ് സാമ്പത്തീക വർഷം 2.5 കോടി തുക ചെലവഴിക്കുന്നതും അടുത്ത സാമ്പത്തീക വർഷത്തേയ്ക്ക് പ്രസ്തുത പദ്ധതിക്കായി 2.5 കോടി വകയിരുത്തിയിട്ടുള്ളതുമാണ്.

ഭൂമിയുള്ള ഭവനരഹിതർ, ഭൂരഹിത ഭവനരഹിതർ, എന്നിവർക്ക് സുരക്ഷിതവും മാന്യവുമായ വീടുകൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്ക്കരിച്ച ലൈഫ് പദ്ധതിയ്ക്കായി ബജറ്റ് വർഷം ആദ്യ ഘട്ടമെന്ന നിലയിൽ ആകെയുള്ള 453 പേരിൽ 200 ഭൂരഹിത ഭവന രഹിതർക്ക് സ്ഥലം കണ്ടെത്തി ഭവനം ഒരുക്കുന്നതിനായി 20 കോടി രൂപയും, 30 ഭൂമിയുള്ള ഭവനരഹിതർക്ക് 1.20 കോടി രൂപയും ചെലവ് പ്രതീക്ഷിക്കുകയും, ആയത് സർക്കാർ വായ്പ, മറ്റ് സ്രോതസ്സുകൾ, ഗുണഭോക്തൃ വിഹിതം എന്നിവയിൽ നിന്നും കണ്ടെത്തി ഗുണഭോക്താക്കൾക്ക് ഭവനം ലഭ്യമാക്കുന്നതുമാണ്. പി എം എ വൈ, ലൈഫ് പദ്ധതികൾ ഏകോപിപ്പിച്ച് ചെയ്യുവാനുള്ള നിർദ്ദേശ പ്രകാരം ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ട ഭൂമിയുള്ള 92 ഭവനരഹിതരിൽ ഏകദേശം 60 പേരും ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കളുമാണ്.

13–ാം പഞ്ചവൽസര പദ്ധതി പ്രകാരം 2018–19 സാമ്പത്തീക വർഷത്തേയ്ക്ക് താഴെപ്പറയും പ്രകാരം തുകകൾ അനുവദിച്ചിട്ടുള്ളതാണ്.

| | |
|---|---|
| പ്ലാൻ ഫണ്ട് ജനറൽ | 4.33 കോടി |
| പ്ലാൻ ഫണ്ട് എസ്.സി പി | 99.25 ലക്ഷം |
| പ്ലാൻ ഫണ്ട് എസ് ടി പി | 4.9 ലക്ഷം |
| പ്ലാൻ ഫണ്ട് ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 4.37 കോടി |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 2.94 കോടി |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 92.36 ലക്ഷം |

പദ്ധതി രൂപീകരണം ധനകാര്യ വർഷമാദ്യം തന്നെ ആരംഭിക്കുമെന്നതിനാൽ പ്രധാന മേഖലകളിൽ താഴെപ്പറയും പ്രകാരം വിനിയോഗിക്കുന്നതിന് വിഭാവനം ചെയ്തിട്ടുള്ളതുമാകുന്നു.

### *കൃഷി, അനുബന്ധമേഖലകൾ, മൃഗസംരക്ഷണം, ചെറുകിട സാമ്പത്തീക വികസനം*

നെൽകഷിക്ക് സബ്സിഡി, തെങ്ങിന് കീടരോഗ നിയന്ത്രണവും ജൈവരാസവള വിതരണം, വാഴക്കൃഷി, ജാതി തൈ, പുരയിട കൃഷി, കുരുമുളക് തൈ വിതരണം, ജലസേചന കിണറുകൾ, തേനീച്ച വളർത്തൽ, കാർഷീക കർമ്മസേന രൂപീകരണം, കന്നുകുട്ടി പരിപാലനം, പാലിന് ഇൻസെന്റീവ്, കറവയന്ത്രം സബ്സിഡി, ക്ഷീര കർഷകർക്കുള്ള റിവോൾവിംഗ് ഫണ്ട്, കാലിത്തീറ്റ, കാർഷീക മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയ പദ്ധതികൾക്കായി 69.32 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതാണ്.

### *ദാരിദ്ര്യ ലഘൂകരണം*

ആശ്രയ പദ്ധതി, പി എം എ വൈ, ലൈഫ് പദ്ധതികൾ, പൊതു വിഭാഗം, പട്ടികജാതി വിഭാഗം വീട് അറ്റകുറ്റപ്പണി, വിധവകൾക്കുള്ള വീട് നിർമ്മാണ ധനസഹായം എന്നിവയ്ക്കായി 1.40 കോടി രൂപ വകയിരുത്തിയിട്ടുള്ളതാണ്.

*വനിത ശിശുക്ഷേമം*

നഗരസഭാ കാര്യാലയത്തിൽ വനിതാ സുരക്ഷ സെൽ രൂപീകരണം, ജാഗ്രത സമിതി പ്രവർത്തനം, അംഗൻവാടി പൂരക പോഷകാഹാര പദ്ധതി, കുട്ടികൾക്കുള്ള മരുന്ന്, കുട്ടികൾക്കായുള്ള ശ്രവണ സഹായി, ശാരീരിക മാനസീക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്ക്കോളർഷിപ്പ്, വനിതാ സ്വയം തൊഴിൽ സംരംഭങ്ങൾക്ക് സബ്ബ് സി ഡി, വനിതാ കൗൺസിലർമാർക്ക് നഗരസഭ കാര്യാലയത്തിൽ വിശ്രമ മുറി തുടങ്ങിയവയ്ക്കായി 21.65 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതാണ്.

*ആരോഗ്യം,ശുചിത്വം,മാലിന്യ സംസ്ക്കരണം*

താലൂക്ക് ആശുപത്രിയുടെ കുടിവെള്ളം, വൈദ്യുതി ചാർജ്ജ് ഇനത്തിൽ 12 ലക്ഷവും(നോൺ റോഡ് ഫണ്ട്) നഗരസഭയുടെ കീഴിലുള്ള വിവിധ ആശുപത്രികളിലേയ്ക്ക് മരുന്ന് വാങ്ങൽ, പെയിൻ & പാലിയേറ്റീവ് കെയർ യൂണിറ്റ് ധനസഹായം, തുടങ്ങിയവയും ശുചിത്വം, മാലിന്യ സംസ്ക്കരണം മേഖലയിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം, ബയോഗ്യാസ് പ്ലാന്റ് സബ്ബ് സി ഡി, എന്നീ പദ്ധതികൾക്കായി 73.6 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതാണ്.

*വിദ്യാഭ്യാസം, സാമൂഹ്യ സുരക്ഷ*

സ്ക്കുളുകൾക്ക് ഉപകരണങ്ങൾ, സ്റ്റേഷനറി, വിവിധ സ്ക്കൂൾ, അംഗനവാടി കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി എന്നിവയ്ക്ക് മെയിന്റനൻസ് നോൺ ഗ്രാന്റിനത്തിൽ 65 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതാണ്. അംഗനവാടി നിർമ്മാണത്തിനായി ധനകാര്യ കമ്മീഷൻ അവാർഡ് തുകയിൽ നിന്നും 15 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതാണ്. എസ് എസ് എ വിഹിതം, സ്ക്കോളർഷിപ്പുകൾ, പഠനോപകരണങ്ങൾ, തുല്യതാ പഠനം, സർക്കാർ സ്ക്കൂളുകളിൽ യോഗ പരിശീലനം, സർക്കാർ സ്ക്കൂളുകളിൽ യു.പി വിഭാഗം വരെയുള്ള അർഹതപ്പെട്ടവർക്ക് പ്രഭാത ഭക്ഷണം, വയോമിത്രം സംഭാവന, വയോജനങ്ങൾക്ക് യോഗ പരിശീലനം, ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് ഉപകരണങ്ങൾ അംഗപരിമിതർക്ക് മുച്ചക്രവാഹനം തുടങ്ങിയ ഇനങ്ങൾക്കായി 96.6 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതാണ്.

***ഊർജ്ജം, കുടിവെള്ളം,സദ്ഭരണം***

വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ, തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ, വിവിധ കുടിവെള്ള പദ്ധതികൾ, കുളിക്കടവുകൾ സംരക്ഷണം,ഗാർഹിക കുടിവെള്ള കണക്ഷൻ സബ്സിഡി, സ്വതന്ത്ര കുടിവെള്ള പദ്ധതികൾ, തുറസ്സായ കിണർ ശുചിത്വ കിണറുകളാക്കൽ, *സദ്ഭരണ പദ്ധതി എന്നിവയ്ക്കായി 1.06 കോടി* രൂപ വകയിരുത്തിയിട്ടുള്ളതാണ്.

***പശ്ചാത്തല മേഖല***

ഈ പ്രാദേശീക സർക്കാരിന്റെ അധീനതയിലുള്ള റോഡുകൾ പൂർണ്ണമായും അറ്റകുറ്റപ്പണി നടത്തി പൂർത്തിയാക്കുന്നതിന് റോഡ് മെയിന്റനൻസ് ഗ്രാന്റിനത്തിലുള്ള 2.9 കോടി രൂപയും, മറ്റ് പൊതു മരാമത്ത് വേലകൾ, എന്നിവയ്ക്കായയി ധനകാര്യ കമ്മിഷൻ തുകയും വകയിരുത്തിയിട്ടുണ്ട്.

*{]tXyf LSf ]²Xn (Fkv.kn.]n)* þ ]«nI PmXn hn`mKImÀImbn hnhn[ ]²XnIÄ hn`mh\w sNbvXn«pffXpw 99.25 e£w cq] hIbncp¯pIbpw sNbvXn«pffXmWv.

*{]tXyf LSf ]²Xn (Fkv.Sn.]n)* þ ]«nI hÀ¤ hn`mKImÀImbn 4.9 e£w cq] \Kck` hIbncp¯nbncnIp¶p.

2018–19 ധനകാര്യ വർഷം നഗരസഭ ഡിപ്പോസിറ്റിനത്തിൽ 99 ലക്ഷം രൂപ വരവ് പ്രതീക്ഷിക്കുന്നു. നടപ്പു വർഷം നഗരസഭയ്ക്ക് 47 ലക്ഷം രൂപ പെൻഷൻ അലോട്ട്മെന്റ് അനുവദിച്ചിട്ടുള്ളതും ബാക്കി ലഭിക്കുവാനുള്ള തുകയിൽ 2 കോടി രൂപ ബജറ്റ് വർഷം പ്രതീക്ഷിക്കുന്നു. ലൈബ്രറി സെസ്സ് ഇനത്തിൽ 13.75 വരവും അത്ര തന്നെ ചെലവും കണക്കാക്കുന്നു. ചരക്ക് സേവന നികുതി ഇനത്തിൽ 27 ലക്ഷം വരവും അത്ര തന്നെ ചെലവും കണക്കാക്കുന്നു. മൂല്യ വർദ്ധിത നികുതി/ചരക്ക് സേവന നികുതി സ്രോതസ്സിലെ കിഴിവ് ഇനത്തിൽ 3 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. 1.7.2017–ൽ ചരക്ക് സേവന നികുതി നടപ്പിൽ വന്നുവെങ്കിലും 1.7.2017–ന് മുമ്പുള്ള വേലകളുടെ വർക്ക് ബില്ലുകൾ വാറ്റ് സെനാരിയോയിലായതിനാൽ മൂല്യ വർദ്ധിത നികുതി കൂടി ബാദ്ധ്യതാ ഹെഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ബാദ്ധ്യതാ ഹെഡിൽ ആകെ 4.5 കോടി തുക ചെലവ് പ്രതീക്ഷിക്കുന്നു.



സാമ്പത്തീക മാന്ദ്യം മൂലം പ്രതിസന്ധി നേരിട്ട് കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ വികസന കാഴ്ച്ചപ്പാടുകൾ മുൻനിർത്തി തയ്യാറാക്കിയിട്ടുള്ള

2018–19 സാമ്പത്തീക വർഷത്തേയ്ക്കുള്ള ബജറ്റ് എസ്റ്റിമേറ്റിന് നഗരസഭാ കൗൺസിലിന്റെ പരിപൂർണ്ണപിന്തുണ ലഭ്യമാകുമെന്ന ഉറച്ച വിശ്വാസത്തോടെ അംഗീകാരത്തിനായി സമർപ്പിച്ചു കൊള്ളുന്നു.

സ്നേഹാദരവുകളോടെ,

ധനകാര്യ സ്ഥിരം സമിതിയ്ക്ക് വേണ്ടി,

(ഒപ്പ്)
എ ജി ജോർജ്ജ്,
ഡെപ്യൂട്ടി ചെയർപേഴ്സൺ
(ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ)